നിയമനം നടക്കാത്ത റാങ്ക് ലിസ്റ്റുകൾ

423 [770] ശ്രീ. കാനം രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനറൽ എഡ്യുക്കേഷൻ ഡിപ്പാർട്ടുമെൻറിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അപേക്ഷ ക്ഷണിച്ച് ഇൻറർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് രണ്ടു വർഷം കഴിഞ്ഞിട്ടും ആദ്യ റാങ്കുകാരെപോലും നിയമിക്കാത്ത ലിസ്റ്റുകൾ ഏതെങ്കിലും ജില്ലകളിൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

(ബി) കൊല്ലം ജില്ലയിൽ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (സംസ്കൃതം) തസ്തികയിലേക്ക് പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്കു ലിസ്റ്റിൽനിന്നും ഒരാളെപ്പോലും നിയമിച്ചിട്ടില്ല എന്ന പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൊല്ലം ജില്ലയിൽ പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതി എന്താണ്;

(ഡി) ഈ റാങ്കു ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ കൊല്ലം ജില്ലയിലുണ്ടായിരുന്ന ഫുൾ ടൈം ലാംഗ്വേജ് ടീച്ചർ (സംസ്കൃതം) ഒഴിവുകൾ എത്ര;

(ഇ) അതിനുശേഷം നാളിതുവരെ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്;

(എഫ്) 1984–85 സ്കൂൾ വർഷം അവസാനിക്കുമ്പോൾ കൊല്ലം ജില്ലയിൽ ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (സംസ്കൃതം) തസ്തികകൾ ഒഴിഞ്ഞു കിടന്നിരുന്നുവോ? എങ്കിൽ എത്രയൊക്കെ;

(ജി) ഈ കാലയളവിനുള്ളിൽ നിലവിലുള്ള റാങ്കു ലിസ്റ്റിൽ നിന്ന് ഒരാളെയെങ്കിലും നിയമിക്കാത്തതെന്തുകൊണ്ട്;

(എച്ച്) നിലവിലുള്ള റാങ്കുലിസ്റ്റിലെ ആദ്യറാങ്കുള്ള ഉദ്യോഗാർത്ഥിയെ ഇനിയെങ്കിലും നിയമിക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ 1983 ജൂണിൽ ലോവർ ഗ്രേഡ് സംസ്കൃതം (ഫുൾടൈം) അദ്ധ്യാപകർക്കുവേണ്ടി ഒരു റാങ്കു ലിസ്റ്റ് പ്രസിദ്ധീകരിച്ചതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഈ ലിസ്റ്റിൽ നിന്ന് ആരെയും നിയമിച്ചിട്ടില്ല. മറ്റു ജില്ലകളിൽ ഇത്തരം ലിസ്റ്റുകൾ ഒന്നും തന്നെയില്ല.

(ബി) ഉണ്ട്. പ്രസ്തുത വിഷയത്തെ സംബന്ധിച്ച് ഗവൺമെൻറിൽനിന്ന് കൊല്ലം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ വിശദീകരണം ആവശ്യപ്പെട്ടിരുന്നു. വേക്കൻസിയില്ലാത്തതിനാൽ പ്രസ്തുത ലിസ്റ്റിൽനിന്നും നിയമനം നടത്താൻ നിവൃത്തിയില്ലെന്നുള്ള വിശദീകരണം ലഭിയ്ക്കുകയുണ്ടായി.

(സി) 20–6–1983–ൽ പ്രസിദ്ധീകരിച്ചതായി അറിയാൻ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഒഴിവുകൾ ഇല്ലായിരുന്നു.

(ഇ)	1984–85	5 ഒഴിവുകൾ
	1985–86	2 ഒഴിവുകൾ
	പുതുതായി അനുവദിച്ചത്	3
	നിറുത്തലാക്കിയത്	1
	ഫലത്തിൽ	2

(എഫ്) ഒഴിഞ്ഞു കിടന്നിരുന്നു.

ലോവർ ഗ്രേഡ് സംസ്കൃതം (ഫുൾടൈം)	5
ലോവർ ഗ്രേഡ് സംസ്കൃതം (പാർട്ട് ടൈം)	4

(ജി) ഒഴിഞ്ഞു കിടന്നിരുന്ന മുകളിൽ പറയുന്ന 5 ലോവർ ഗ്രേഡ് ഫുൾടൈം തസ്തികയിലേക്ക് സൂപ്പർ ന്യൂമററി തസ്തികയിൽ തുടരുന്ന 8 അദ്ധ്യാപകരിൽ 5 പേരെ അബ്സോർബു ചെയ്തു. പാർട്ട്ടൈം തസ്തികയിലേക്ക് നിയമനത്തിനുവേണ്ടി പി.എസ്.സി.യിലേക്ക് എഴുതി. നിലവിൽ ലിസ്റ്റ് ഇല്ലായെന്ന് പി.എസ്.സി. അറിയിച്ചു.

(എച്ച്) നിലവിൽ സൂപ്പർ ന്യൂമററി തസ്തികകളിൽ നിൽക്കുന്ന അദ്ധ്യാപകരെ അബ്സോർബു ചെയ്തു കഴിഞ്ഞ് ഇക്കൊല്ലം തസ്തിക നഷ്ടപ്പെട്ട് സർക്കാർ സ്കൂളുകളിൽ അധികമായി നിൽക്കുന്ന അദ്ധ്യാപകരെ നിലനിർത്തിയതിനു ശേഷവും ബാക്കി വരുന്ന തസ്തികകളിൽ നിലവിലുള്ള റാങ്കു ലിസ്റ്റിൽനിന്നും നിയമനം നടത്താവുന്നതാണ്.

മലബാർ പ്രദേശത്തു ജോലി നോക്കുന്ന അദ്ധ്യാപകരുടെ സ്ഥലം മാറ്റം

424 [771] ശ്രീ. കെ.റ്റി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി., യു.പി. സ്കൂൾ വിഭാഗത്തിൽ മലബാർ പ്രദേശത്തു ജോലി നോക്കുന്ന എത്ര അദ്ധ്യാപകർക്ക് ഈ വർഷം തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ട്;

(ബി) സ്ഥലം മാറ്റം കിട്ടിയവർക്ക് ഏറ്റവും കുറഞ്ഞത് എത്ര കൊല്ലം മലബാർ സർവ്വീസാണുള്ളത്.;

(സി) ഇതിൽ ഹരിജൻ വിഭാഗത്തിലുള്ള എത്ര പേരുണ്ട്;

(ഡി) ഹരിജൻ വിഭാഗത്തിലുള്ളവർക്ക് അവരുടെ സ്വന്തം ജില്ലയിലേക്ക് സ്ഥലം മാറ്റം നൽകണമെന്നുള്ള ഗവൺമെന്റ് ഓർഡർ നിലവിലുണ്ടോ; എങ്കിൽ അതനുസരിച്ച് സ്ഥലം മാറ്റം നൽകാതിരുന്നിട്ടുണ്ടോ;

(ഇ) പ്രസ്തുത വിഭാഗത്തിൽ പെട്ട അപേക്ഷകർക്ക് സ്വന്തം ജില്ലയിലേക്ക് സ്ഥലം മാറ്റം നൽകുവാൻ സത്വര നടപടി സ്വീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly